Recruitment to the Public Services

*59 [68] SHRI R. PONNAPPA NADAR: Will the Chief Minister be pleased to state:

(a) what is the communal ratio allotted to the Hindu Nadars for purposes of recruitment to the Public Services;

(b) what is the basis for the same;

(c) Is there any proposal to enhance it?

Chief Minister (SHRI PANAMPILLI GOVINDA MENON):

(a) Out of every 35 appointments reserved for backward classes 3 will go to the Nadars.

(b) The distribution of appointments among the various Communities coming under Backward Classes is based on the population of each community.

(c) No.

രണ്ടാം പഞ്ചവത്സരപദ്ധതിയിലുൾപ്പെടുത്തി പണിയുവാനുദ്ദേശിക്കുന്ന പാലങ്ങൾ.

*60. [69] ശ്രീ. ഇടിക്കുള ഇടിക്കുള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി പണിയുവാനുദ്ദേശിക്കുന്ന വലിയ പാലങ്ങൾ എത്ര; ഏവയെല്ലാം;

(ബി) പമ്പാനദിയിൽ റാന്നിയിലെ പെരുമ്പുഴക്കടവുപാലം പണി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പാലംപണി എന്നത്തേയ്ക്കു തുടങ്ങുവാനുദ്ദേശിക്കുന്നു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. ചേലായുധൻ):

(എ)-(ബി)-(സി)-രണ്ടാംപഞ്ചവത്സരപദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ വിവരങ്ങൾ ഇപ്പോൾ നൽകുവാൻ നിവൃത്തിയില്ല.

യൂണിവേഴ്സിറ്റി വൈസ്-ചാൻസലർ.

*61. [70] ശ്രീ. പി. നാരായണൻപോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ ഇപ്പോഴത്തെ വൈസ് ചാൻസലർ സർ എ. ആർ. മുതലിയാരെ ഈ സ്ഥാനത്തു നിയമിച്ചതു് എന്നായിരുന്നു;

(ബി) എത്ര കാലത്തേയ്ക്കായിരുന്നു അദ്ദേഹത്തെ നിയമിച്ചതു്;

(സി) അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി കഴിഞ്ഞോ;

LIBRARY ARCHIVES Kerala Legislative Assembly